പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :2418 — 14. 06. 2019 ൽ മറുപടിക്ക്

# കെ.എസ്.ഇ.ബി.യുടെ പുനസംഘടന

ചോദ്യം

ശ്രീ.അനിൽ അക്കര

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) കെ.എസ്.ഇ.ബി. പുനസംഘടിപ്പിക്കുന്നതിന്റെ ഭാഗമായി കോഴിക്കോട് ഐ.ഐ.എം സമർപ്പിച്ച പഠനറിപ്പോർട്ട് നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) കെ.എസ്.ഇ.ബി യുടെ പുനസംഘടനയുമായി ബന്ധപ്പെട്ട്, ഐ.ഐ.എം സമർപ്പിച്ച റിപ്പോർട്ട്, ബോർഡ് നിയോഗിച്ച ഉന്നത തല കമ്മിറ്റി വിശദമായി പഠിച്ച്, നടപ്പിലാക്കേണ്ട വിഷയങ്ങൾ തീരുമാനിക്കുകയും, പ്രസ്തുത വിഷയങ്ങളിൽ കൃത്യമായ ശുപാർശകൾ സമർപ്പിക്കുന്നതിനായി ഒരു സബ് കമ്മിറ്റിയെ ചുമതലപ്പെടുത്തുകയും ഉണ്ടായി. സബ് കമ്മിറ്റി സമർപ്പിച്ച കരട് റിപ്പോർട്ട് വിശദമായി പരിശോധിച്ച്, ആവശ്യമായ മാറ്റങ്ങൾ വരുത്തി 30.06.2019-ന മുമ്പായി അന്തിമ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കോർപ്പറേറ്റ് ഓഫീസ്, ഉൽപാദനം, പ്രസരണം, വിതരണം എന്നീ മേഖലകൾക്കായി നാല് വിദഗ്ധ സമിതികളെ നിയോഗിച്ചിട്ടുണ്ട്. പ്രസ്തുത വിദഗ്ധ സമിതിയുടെ അന്തിമ റിപ്പോർട്ട് ലഭിച്ചതിനു ശേഷം, ജീവനക്കാരുടെ സംഘടനകളുമായി ബോർഡ് തലത്തിൽ ചർച്ചചെയ്ത് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) കേന്ദ്ര വൈദ്യുതി അതോറിറ്റിയുടെ 2010 ലെ സുരക്ഷാ മാനദണ്ഡങ്ങൾ കെ.എസ്.ഇ.ബി.യിൽ പൂർണ്ണമായുംനടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (ബി) കേന്ദ്ര വൈദ്യുത അതോറിറ്റിയുടെ 2010 ലെ സുരക്ഷാ മാനദണ്ഡങ്ങൾ കെ.എസ്.ഇ.ബോർഡ് ലിമിറ്റഡ് നടപ്പിലാക്കി വരുന്നു. ഇതുമായി ബന്ധപ്പെട്ട് ആദ്യമായി മാനദണ്ഡപ്രകാരമുള്ള ഒരു സുരക്ഷാനയം കെ.എസ്.ഇ.ബോർഡ് ലിമിറ്റഡ് രൂപീകരിച്ച് കഴിഞ്ഞു. കൂടാതെ പ്രസരണ വിതരണ വിഭാഗങ്ങളുടെ മാനദണ്ഡപ്രകാരം ഏകീകരിച്ച സുരക്ഷാ നടപടിക്രമങ്ങളും തയ്യാറാക്കിയിട്ടുണ്ട്. എല്ലാ ജീവനക്കാർക്കും എല്ലാ വർക്കുകളുടെയും സുരക്ഷാ നടപടികൾ വായിച്ച് നോക്കി മനസ്സിലാക്കുന്നതിനായി ഇവ പുസ്തക രൂപത്തിലും, PDF സോഫ്റ്റ് കോപ്പി രൂപത്തിലും, മൊബൈൽ ആപ്പ് രൂപത്തിലും ഉടൻ തന്നെ ലഭ്യമാക്കും. സുരക്ഷാ നയം എല്ലാ ജീവനക്കാരിലേയ്ക്കും പൊതുജനങ്ങളിലേയ്ക്കും എത്തിക്കുന്നതിനായി കെ.എസ്.ഇ.ബോർഡ് ലിമിറ്റഡ് ടി വിഷയത്തിൽ പരിശീലകരായി തിരഞ്ഞെടുത്ത എഴുന്നൂറോളം എഞ്ചിനീയർമാർക്ക് ഇതിനോടകം പരിശീലനം നൽകി. ഇവർ വഴി മറ്റു ജീവനക്കാർക്കും പൊതുജനങ്ങൾക്കും വേണ്ടി സുരക്ഷാനയവുമായി ബന്ധപ്പെട്ട പരിശീലന/ബോധവത്കരണ പ്രവർത്തനങ്ങൾ ഇപ്പോൾ നടന്നു വരുന്നു. |

| | |
|---|---|
| | സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി നിഷ്കർഷിക്കുന്ന നിലയിൽ ബോർഡിലെ എല്ലാ ഫീൽഡ് ജീവനക്കാർക്കും കരാർ ജീവനക്കാർക്കും സുരക്ഷാ പരിപാലനം ഉറപ്പുവരുത്തുന്നതുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ പരിശീലനം നൽകുന്നതിന്റെ ഭാഗമായി ബോർഡ് ജീവനക്കാർക്കും കരാർ ജീവനക്കാർക്കും ഇക്യുപൊട്ടൻഷ്യൽ ബോണ്ടിംഗ്, സിപിആർ, സ്ട്രസ്സ് മാനേജ്മെന്റ്, മെഡിക്കൽ ചെക്ക് അപ്പ് തുടങ്ങിയ വിവിധങ്ങളായ പരിശീലന പരിപാടികൾ നടത്തിയിട്ടുണ്ട്. ഇതിന്റെ തുടർ പരിശീലനങ്ങൾ ഇപ്പോൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ